കൊല്ലം ആർ. ടി. ഒ. ഓഫീസിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

119 [2256] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആർ. ടി. ഒ. ഓഫീസിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ബി) കൊല്ലം ആർ. ടി. ഒ.-യുടെ പേരിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾക്കു മുന്നോടിയായി ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത മെമ്മോകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ആർ. ടി. ഒ.-യെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തി അന്വേഷണം നടത്തുമോ;

(ഇ) പ്രസ്തുത ആർ. ടി. ഒ. കൊല്ലത്ത് തൽസ്ഥാനം ഏറ്റെടുത്തതിനു ശേഷം സ്വകാര്യ ബസ്സുകൾക്ക് നൽകിയ താൽക്കാലിക പെർമിറ്റുകൾ പുനഃപരിശോധിക്കുമോ;

(എഫ്) ഈ ഉദ്യോഗസ്ഥൻ വരുമാനത്തിൽ കവിഞ്ഞു നേടിയ സമ്പാദ്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കൊല്ലം ആർ. ടി. ഒ. ഓഫീസിനെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി, സി, ഡി) ഉണ്ട്. ഇപ്പോഴത്തെ ആർ.ടി.ഒ. എറണാകുളം ആർ.ടി.ഒ. ആയി ജോലി നോക്കവേ ലോക്കൽ അഡിറ്റ് റിപ്പോർട്ടിന് സമയബന്ധിത മായി മറുപടി നൽകാത്തതിന്റെ പേരിൽ ഗവൺമെന്റിൽനിന്നും ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്. ടിയാളെ തൽസ്ഥാനത്തു നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തേണ്ട ആവശ്യമില്ല. നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മെമ്മോയുടെ പകർപ്പുകൾ ലഭ്യമാക്കുവാൻ കഴിയുകയില്ല.

(ഇ) ഇപ്പോഴത്തെ ആർ. ടി. ഒ. താൽക്കാലിക പെർമിറ്റുകൾ നൽകിയതു മായി ബന്ധപ്പെട്ട പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(എഫ്) ഇപ്പോഴത്തെ ആർ. ടി. ഒ. വരുമാനത്തിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊടുങ്ങല്ലൂർ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിലെ വെഹിക്കിൾ സൂപ്പർവൈസർക്കെതിരെ ലഭിച്ച പരാതി

120 [2257] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിലെ വെഹിക്കിൾ സൂപ്പർവൈസർക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly